പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4766 — 29/6/2012- ൽ മറുപടിയ്ക്ക്

## പൊന്നാനി മണ്ഡലത്തിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) പൊന്നാനി മണ്ഡലത്തിൽ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാനത്തിന് അനുമതി ലഭിക്കാത്തതു മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള എല്ലാ സർക്കാർ നിയമങ്ങളും പാലിക്കപ്പെട്ടിട്ടാണ് ഗ്രാമപഞ്ചായത്ത് ശ്മശാനം തുടങ്ങാൻ തീരുമാനിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ശ്മശാന നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലം ഏകദേശം 15 വർഷത്തോളമായി നെൽകൃഷി നടത്താതെ തരിശിട്ടിരിക്കുന്ന ചിയ്യന്നൂർ പാടശേഖരത്തിൽപ്പെട്ടതാണ്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ 1967 പ്രകാരം ഗ്രാമപഞ്ചായത്ത് അനുമതി വാങ്ങിയിട്ടില്ല.

(സി) ഉദ്യോഗസ്ഥരുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ശ്മശാനത്തിന് അനുമതി ലഭിക്കാത്തത്; വിശദമാക്കുമോ;

(സി) ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി 7/4/2008-ൽ ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടർ മുമ്പാകെ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചെങ്കിലും ശ്മശാനഭൂമിയുടെ 45 മീറ്ററിനുള്ളിൽ ഒരു വീടുണ്ടെന്നുള്ള പൊന്നാനി തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ അനുമതി നിഷേധിക്കുകയുണ്ടായി. ഇതിനെതിരെ ഗ്രാമപഞ്ചായത്ത് ബഹു. ജില്ലാകളക്ടർ മുമ്പാകെ ആക്ഷേപം ബോധിപ്പിച്ചെങ്കിലും ശ്മശാനഭൂമിയിൽ നിന്നും 47.7 മീറ്റർ അകലെയായി ഉപയോഗയോഗ്യമായ ഒരു കിണർ

| | | | |
|---|---|---|---|
| | | | നിലവിലുണ്ടെന്നും 47 മീറ്റർ അകലത്തിൽ ആൾതാമസമുള്ള വീട് സ്ഥിതി ചെയ്യുന്നുണ്ടെന്നുമുള്ള പൊന്നാനി തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം ആരംഭിക്കുന്നതിനുള്ള അനുമതി നിഷേധിച്ച് ജില്ലാകളക്ടർ 7/4/12-ൽ ഉത്തരവ് പുറപ്പെടുവിച്ചു. |
| (ഡി) | ഇവ പരിഹരിച്ച് ശ്മശാനം അടിയന്തിരമായി തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | ഇത് സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ